# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 508
# 05.06.2018 ലെ മറുപടിക്ക്

## നേമം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾ

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| നേമം മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതുമായ പ്രവർത്തികളിൽ പൂർത്തിയാകാത്ത പ്രവർത്തികൾ ഏതൊക്കെയാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | നേമം നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതുമായ പ്രവർത്തികളിൽ പൂർത്തിയാകാത്തവയുടെ ലിസ്റ്റും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# നേമം നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതുമായ പ്രവർത്തികളിൽ പൂർത്തിയാകാത്തവയുടെ ലിസ്റ്റും വിശദാംശങ്ങളും

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വിശദാംശങ്ങൾ |
|---|---|---|
| 1. | ആറ്റുകാൽ വാർഡിലെ കമ്പിക്കകം ഓട നിർമ്മാണം. | എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| 2. | തിരുമല വില്ലേജ് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നത്. | റവന്യൂ വകുപ്പിൽ നിന്നും സ്ഥലം കൈമാറി നൽകാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| 3. | പാപ്പനംകോടിലെ ശങ്കർ നഗർ ആഴാംകോൽ പ്രദേശത്തെ ഓട നിർമ്മാണം. | 30/01/2019 ഓട് കൂടി പണി പൂർത്തിയാകും. |
| 4. | കരമന വാർഡിലെ ചിലന്തിവലക്കുളം നവീകരിക്കുന്നത്. | 31/12/2018 ഓട് കൂടി പണി പൂർത്തിയാകും. |
| 5. | തൃക്കണ്ണാപുരത്ത് കുന്നപ്പുഴ യു.പി.എസ് കെട്ടിട നിർമ്മാണം. | പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിന് അനുമതി ലഭിച്ചിട്ടില്ല. |
| 6. | പുഞ്ചക്കരി വാർഡിലെ നെല്ലിയോട് ജഡ്ജിക്കുന്ന് റോഡ് നവീകരണം. | നഗരസഭയുടെ അധീനതയിലുള്ള റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയാൽ ഉടൻ പണി ആരംഭിക്കുന്നതാണ്. |
| 7. | കളിപ്പാൻകുളം വാർഡിലെ കൊഞ്ചിറവിള സ്കൂളിലെ ടോയ് ലറ്റ് മറ്റ് വികസന പ്രവർത്തനങ്ങൾ | പ്രവൃത്തിയ്ക്കുവേണ്ടി എഗ്രിമെന്റിൽ ഏർപ്പെട്ടെങ്കിലും സ്കൂൾ അധികൃതരുടെ എതിർപ്പ് മൂലം പണി ആരംഭിച്ചിട്ടില്ല. ഇപ്പോൾ തടസ്സമില്ലായെന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചതിൻ പ്രകാരം കരാറുകാരന് പണി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 8. | നെടുംകാട് ഗവ. യു.പി. സ്കൂളിൽ ടോയ് ലറ്റ്, അടുക്കള നിർമ്മാണം. | നിലവിൽ ടോയ് ലറ്റ് സൗകര്യം ലഭ്യമായതിനാൽ പുതിയ ടോയ് ലറ്റ് ആവശ്യമില്ലെന്ന് സ്കൂൾ അധികൃതർ അറിയിച്ചിട്ടുണ്ട്. |
| 9. | ചാമുണ്ഡേശ്വരി ദേവി ക്ഷേത്രത്തിനു മുന്നിലെ പടിഞ്ഞാറേപ്പുകുളം പൊതുകുളം നവീകരണം | പണി പൂർത്തിയായി വരുന്നു. |
| 10. | അറമട കുന്നപ്പുഴ ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം. | തടസ്സരഹിത സ്ഥലം ലഭ്യമാക്കാത്തതിനാൽ സാങ്കേതികാനുമതി നൽകിയിട്ടില്ല. |